പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3490

24.06.2013-ൽ മറുപടിക്ക്.

## പോലീസ് വകുപ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള പോലീസ് സേനയ്ക്കായി എത്ര വാഹനങ്ങളാണ് വാങ്ങിയത് ; ഇപ്പോൾ മൊത്തത്തിൽ സേനയ്ക്ക് എത്ര വാഹനങ്ങൾ ഉണ്ട് ; | : (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള പോലീസ് സേനയ്ക്കായി 533 വാഹനങ്ങളാണ് വാങ്ങിയത് ; ഇപ്പോൾ മൊത്തത്തിൽ സേനയ്ക്ക് 6544 വാഹനങ്ങൾ ഉണ്ട്. |
| (ബി) ഇത്രയും വാഹനങ്ങൾക്ക് ആനുപാതികമായി പോലീസിന്റെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ ടെക്നിക്കൽ ഉദ്യോഗസ്ഥരും ഡ്രൈവർമാരും ഉണ്ടോ ; | : (ബി) ടെക്നിക്കൽ ഉദ്യോഗസ്ഥരുടെയും ഡ്രൈവർമാരുടെയും ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | : (സി) പി.എസ്.സി.വഴിയുള്ള ഡ്രൈവർമാരുടെ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡ്രൈവർമാരുടെ ദൗർലഭ്യമുള്ള സാഹചര്യം തരണം ചെയ്യുന്നതിനായി വളരെ അനിവാര്യമായ തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമാനുസൃതം താൽക്കാലിക നിയമനം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ